# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 87

08/01/2014 - ൽ മറുപടിക്ക്

### ദേശീയ ജലപാതയുടെ പുനർനിർമ്മാണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ദേശീയ ജലപാതയുടെ പുനർനിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടം വരെയായി; വിശദാംശങ്ങൾ നൽകുമോ; | (എ) ദേശീയ ജലപാതയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ആകെ 205 കി.മീ ദൈർഘ്യമുള്ള ജലപാതയിൽ തകഴിയ്ക്കും കൊല്ലത്തിനുമിടയ്ക്കുള്ള 50 കി.മീ ൽ ഉദ്ദേശം 8.5 കി മീ മാത്രമെ ഇനി വീതി കൂട്ടുവാനും ആഴം വർദ്ധിപ്പിക്കുവാനുമുള്ള ഡ്രഡ്ജിംഗ് പണികൾ അവശേഷിക്കുന്നുള്ളൂ വെന്നാണ് ഈ പണിയുടെ പൂർണ്ണ ചുമതല വഹിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ IWAI (ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ) ൽ നിന്നും അറിയുന്നത്. |
| ബി) പ്രസ്തുത ജലപാത യാഥാർത്ഥ്യമാക്കുക വഴി സംസ്ഥാനത്തിന് ആർജ്ജിക്കാൻ കഴിയുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (ബി) പ്രസ്തുത ജലപാത യാഥാർത്ഥ്യമാക്കുക വഴി ഉൾനാടൻ ജലമാർഗ്ഗം വഴിയുള്ള ചരക്ക് ഗതാഗതത്തിൽ വൻവർദ്ധനവ് ഉണ്ടാവുകയും അതുവഴി റോഡ് വഴിയുള്ള ചരക്ക് നീക്കത്തിന് കുറവ് വരുത്തുവാനും സാധിക്കും. കൂടാതെ പരിസ്ഥിതിയ്ക്ക് അനുയോജ്യമായ ഗതാഗത മാർഗ്ഗമായതിനാൽ ഈ ജലപാത വഴി വിനോദ സഞ്ചാരമേഖലയിലും വൻ മുന്നേറ്റത്തിന് സാഹചര്യമൊരുക്കും. |

(സി) ഉൾനാടൻ ജലഗതാഗതത്തിന് പ്രാമുഖ്യം ലഭിക്കുന്ന ദേശീയ ജലപാതയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

(സി) ദേശീയ ജലപാതയുടെ നിർമ്മാണത്തിന് പൂർണ്ണചുമതല വഹിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ **IWAI** ഈ പണിയിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തും നിന്നും സ്വീകരിക്കേണ്ട നടപടികൾ സമയബന്ധിതമായി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ